ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 23.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **ഊർജമേഖലയിൽ വൈവിധ്യമാർന്ന ആഗോള ബന്ധങ്ങൾ ഇന്ത്യ വികസിപ്പിക്കേണ്ടതുണ്ടെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.**

   **External Affairs Minister S Jaishankar says, one of India's key diplomatic objectives is to ensure favorable energy environment for coming decades.**

2. ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ 22 നക്സലൈറ്റുകൾ കീഴടങ്ങി.

   **In Chhattisgarh, twenty-two Maoists including two women surrendered before the police in Bijapur district today.**

3. **കേരളത്തിൽ ഓപ്പറേഷൻ ഡി-ഹണ്ട് തുടരുന്നു : ഇന്നലെ അറസ്റ്റ് ചെയ്തത് 232 പേരെ; ലഹരി വ്യാപനത്തിനെതിരെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നാളെ ഉന്നതതല യോഗം.**

   **Operation D-Hunt continues in Kerala: 232 people arrested yesterday; high-level meeting tomorrow led by the Chief Minister against the spread of drugs**

4. **മുൻ കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖർ കേരളത്തിൽ ബി ജെ പിയെ നയിക്കും; പ്രഖ്യാപനം നാളെ.**

**Former Union Minister of State Rajiv Chandrasekhar to lead BJP in Kerala; announcement to be made tomorrow.**

5. ഖേലോ ഇന്ത്യ പാരാ ഗെയിംസിൽ തമിഴ്നാട് മുന്നേറ്റം തുടരുന്നു ; ഐ പി എൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ രാജസ്ഥാനെതിരെ ഹൈദരാബാദിന് 44 റൺസ് ജയം.

**Tamil Nadu continues to make progress in Khelo India Para Games; Hyderabad beat Rajasthan by 44 runs in today's first match of IPL cricket.**

**&&&&&&&&&&&&&&**

## HEADLINE 1

## REV. EAM -ENERGY-INTRO

ഊർജമേഖലയിൽ വൈവിധ്യമാർന്ന ആഗോളബന്ധങ്ങൾ ഇന്ത്യ വികസിപ്പിക്കേണ്ടതുണ്ടെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ. ലോകത്തിലെ അഞ്ചാമത്തെ വലിയ സമ്പദ് വ്യവസ്ഥയെന്ന നിലയിൽ ഇന്ത്യയ്ക്ക് ഇത് അനിവാര്യമാണ്. വരും പതിറ്റാണ്ടുകളിൽ ഊർജ രംഗത്ത് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നത് നമ്മുടെ നയതന്ത്ര മുൻഗണനകളിൽ ഒന്നാണെന്ന് അദ്ദേഹം മുംബൈയിൽ പറഞ്ഞു. എല്ലാവരുടെയും ഒപ്പം, എല്ലാവരുടെയും വികസനം എന്ന കാഴ്ച്ചപ്പാട്, വിദേശകാര്യ രംഗത്തും പ്രസക്തമാണെന്നും ശ്രീ. ജയ്ശങ്കർ വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&&&**

## PM PODCAST

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി, നിർമ്മിത ബുദ്ധി ഗവേഷകനും പോഡ്കാസ്റ്ററുമായ ലെക്സ് ഫ്രിഡ്മാൻ നടത്തിയ പോഡ്കാസ്റ്റ് വിവിധ ഭാഷകളിൽ ലഭ്യമാക്കി. സംഭാഷണം കൂടുതൽ പ്രേക്ഷകരിലേക്ക് എത്തിക്കുകയാണ് ഇതിന് പിന്നിലെ ലക്ഷ്യമെന്ന്

പ്രധാനമന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ വ്യക്തമാക്കി. മലയാളം, തമിഴ് ഉൾപ്പെടെയുള്ള ഇന്ത്യൻ ഭാഷകളിൽ പോഡ്കാസ്റ്റ് ഇപ്പോൾ കേൾക്കാം.

&&&&&&&&&&&&&&

## MANDAVIYA-FIT INDIA SUNDAY

ഫിറ്റ് ഇന്ത്യ മൂവ്മെൻറിനെ വിജയിപ്പിക്കാൻ വ്യായാമവും സൈക്ലിങ്ങും ജീവിതത്തിൻറെ ഭാഗമാക്കണമെന്ന് കേന്ദ്ര കായിക മന്ത്രി മൻസൂഖ് മാണ്ഡവ്യ. രാജ്യവ്യാപകമായി നടക്കുന്ന 'ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ' പരിപാടിക്ക് ലഖ്നൌവിൽ നേതൃത്വം നൽകുകയായിരുന്നു കേന്ദ്രമന്ത്രി.

&&&&&&&&&&&&&&

## PM - MARTYRS DAY-INTRO

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ധീര വിപ്ലവകാരികളായ ഭഗത് സിംഗ്, ശിവറാം രാജ്ഗുരു, സുഖ്ദേവ് ഥാപ്പർ എന്നിവരുടെ രക്തസാക്ഷിത്വ ദിനമായ ഇന്ന് രാജ്യം ധീരദേശാഭിമാനികൾക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടിയുള്ള അവരുടെ നിർഭയമായ പരിശ്രമത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു. അവരുടെ ത്യാഗങ്ങൾ എല്ലാവർക്കും പ്രചോദനം നൽകുന്നതാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&

## HEADLINE 2

## NAXALITES SURRENDERED

ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ 22 നക്സലൈറ്റുകൾ കീഴടങ്ങി. ഇവരിൽ രണ്ട് വനിതാ നക്സലൈറ്റുകളും ഉൾപ്പെടുന്നു. കീഴടങ്ങിയവർക്ക് ഛത്തീസ്ഗഡ് സർക്കാർ ആകെ 11 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചു. സംസ്ഥാന സർക്കാരിൻറെ നയപ്രകാരമാണ് കീഴടങ്ങിയ നക്സലൈറ്റുകൾക്ക് പാരിതോഷികം നൽകുന്നത്.

&&&&&&&&&&&&&&

## MANIPUR- MEGHWAL, JUDGES VISIT

എല്ലാ പ്രശ്നങ്ങൾക്കും ഭരണഘടനാ മാർഗങ്ങളിലൂടെ പരിഹാരം കാണാൻ കഴിയുമെന്ന് സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് B R ഗവായ്. മണിപ്പൂർ ഹൈക്കോടതിയുടെ പന്ത്രണ്ടാം വാർഷിക പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അതിനിടെ, മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ് വാൾ പറഞ്ഞു.

&&&&&&&&&&&&&&

## RSS-CENTENARY YEAR

രാഷ്ട്രീയ സ്വയം സേവക് സംഘിൻറെ നൂറാം വാർഷികവുമായി ബന്ധപ്പെട്ട് നിരവധി സമ്പർക്ക പരിപാടികൾ സംഘടിപ്പിക്കുമെന്ന് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബലെ. ഔപചാരിക ആഘോഷങ്ങൾ ഉണ്ടാകില്ലെന്നും, എന്നാൽ സ്ഥാപകദിനമായ വിജയദശമി ദിനം മുതൽ നിരവധി സമ്പർക്ക പരിപാടികൾക്ക് തുടക്കം കുറിക്കുമെന്നും അദ്ദേഹം ബംഗളുരുവിൽ അറിയിച്ചു.

&&&&&&&&&&&&&&

## HEADLINE 3

## OPERATION D HUNT

കേരളത്തിൽ ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി ഇന്നലെ സംസ്ഥാന വ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 2,703 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. വിവിധതരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 227 കേസുകൾ രജിസ്റ്റർ ചെയ്തു. 232 പേരാണ് അറസ്റ്റിലായത്. നിരോധിത മയക്കുമരുന്നുകളുടെ സംഭരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്ന ദൗത്യമാണ് ഓപ്പറേഷൻ ഡി-ഹണ്ട്.

&&&&&&&&&&&&&&

## CM MEETING

കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിനുള്ള പുതിയ പദ്ധതികൾ തീരുമാനിക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നാളെ തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേരും. നിയമസഭാ ചേംബറിൽ രാവിലെ 11.30 നാണ് യോഗം. മന്ത്രിമാരും പൊലീസ്-എക്സൈസ് ഉന്നത ഉദ്യോഗസ്ഥരും പങ്കെടുക്കും. ലഹരി

വ്യാപനത്തിനെതിരെ ഇതുവരെ സ്വീകരിച്ച നടപടികളും യോഗത്തിൽ വിലയിരുത്തും.

&&&&&&&&&&&&&&

## HEADLINE 4

## RAJIV CHANDRASEKHAR

ബിജെപി സംസ്ഥാന അദ്ധ്യക്ഷ സ്ഥാനത്തേക്ക് മുൻകേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. ഇന്ന് രാവിലെ തിരുവനന്തപുരത്ത് ചേർന്ന കോർ കമ്മിറ്റി യോഗത്തിലാണ് രാജീവ് ചന്ദ്രശേഖറെ തിരഞ്ഞെടുത്തത്. കെ സുരേന്ദ്രൻറെ പിൻഗാമിയായാണ് രാജീവ് ചന്ദ്രശേഖർ ബി ജെ പി സംസ്ഥാന അധ്യക്ഷ സ്ഥാനത്തേക്ക് എത്തുന്നത്. നാളെ രാവിലെ 11 മണിക്ക് ഔദ്യോഗിക പ്രഖ്യാപനം നടത്തും. 30 അംഗ ദേശീയ കൗൺസിൽ അംഗങ്ങളും നാമനിർദ്ദേശ പത്രിക സമർപ്പിച്ചു

&&&&&&&&&&&&&&

## SOCIAL WELFARE PENSION KERALA

കേരളത്തിലെ സാമൂഹ്യസുരക്ഷാ, ക്ഷേമനിധി പെൻഷൻ ഗുണഭോക്താക്കൾക്ക് ഒരു ഗഡു പെൻഷൻ കൂടി അനുവദിച്ചു. ഇതിനായി 817 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ അറിയിച്ചു. വ്യാഴാഴ്ച മുതൽ പെൻഷൻ ലഭിച്ചു തുടങ്ങും.

&&&&&&&&&&&&&&

## ASI - MEGALITHIC STRUCTURES

പാലക്കാട് മലമ്പുഴ ഡാമിന് സമീപം ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ പര്യവേഷണത്തിൽ മഹാശിലാ നിർമിതികൾ കണ്ടെടുത്തു. 45 ഹെക്ടറിലധികം സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന 110-ലധികം മഹാശിലാ നിർമിതികൾ കണ്ടെത്തിയതായി ASI സമൂഹമാധ്യമത്തിൽ കുറിച്ചു. വലിയ ഗ്രാനൈറ്റ് പാളികളും പാറക്കല്ലുകളും ഉപയോഗിച്ചാണ് സ്മാരകങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

&&&&&&&&&&&&&&

## POPE FRANCIS DISCHARGED

ശ്വാസകോശ അണുബാധയെ തുടർന്ന് അഞ്ചാഴ്ചകളോളം ചികിത്സയിലായിരുന്ന ഫ്രാൻസിസ് മാർപാപ്പ ആശുപത്രി വിട്ടു. റോമിലെ ജെമെല്ലി ആശുപത്രിയിൽ ഇന്ന് അദ്ദേഹം ജനങ്ങളെ അഭിസംബോധന ചെയ്തു. ആശുപത്രി വിട്ടെങ്കിലും രണ്ടുമാസത്തോളം വിശ്രമം വേണമെന്നാണ് ഡോക്ടർമാരുടെ നിർദേശം.

&&&&&&&&&&&&&&

## WEATHER KERALA

കേരളത്തിൽ ഇന്നും നാളെയും ചിലയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. വയനാട്, കോഴിക്കോട് അടക്കമുള്ള വിവിധ ജില്ലകളിൽ ഇന്ന് വ്യാപകമായി വേനൽ മഴ ലഭിച്ചു.

&&&&&&&&&&&&&&

## HEADLINE 5 A
## IPL

ഐ പി എൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെതിരെ സൺറൈസേഴ്സ് ഹൈദരാബാദിന് 44 റൺസ് ജയം. 287 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ രാജസ്ഥാന് നിശ്ചിത ഓവറിൽ 242 റൺസ് എടുക്കാനേ കഴിഞ്ഞുള്ളൂ. രണ്ടാം മത്സരത്തിൽ ടോസ് നേടിയ ചെന്നൈ സൂപ്പർ കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ ബാറ്റിംഗിന് അയച്ചു.

&&&&&&&&&&&&&&

## HEADLINE 5
## KHELO INDIA-ARCHERY SHOOTING

ഖേലോ ഇന്ത്യ പാരാ ഗെയിംസ് ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. 19 സ്വർണ്ണം ഉൾപ്പടെ 45 മെഡലുകളുമായി തമിഴ്നാടാണ് ഒന്നാം സ്ഥാനത്ത്. ഹരിയാന രണ്ടാമതും രാജസ്ഥാൻ മൂന്നാം സ്ഥാനത്തുമാണുള്ളത്. ഷൂട്ടിംഗ് മത്സരങ്ങളിൽ ഇന്ന് 10 മീറ്റർ എയർ റൈഫിൾ പ്രോൺ മിക്സഡ് SH1 വിഭാഗത്തിൽ സാഗർ ബാലാസാഹെബ് കറ്റാലെയ്ക്ക് സ്വർണ്ണം ലഭിച്ചു.

&&&&&&&&&&&&&&

## ISRAEL – GAZA

ഇസ്രായേൽ - ഹമാസ് യുദ്ധത്തിൽ ഇതുവരെ 50,000-ത്തിലധികം പലസ്തീനികൾ കൊല്ലപ്പെട്ടതായി ഗസ ആരോഗ്യ മന്ത്രാലയം. കഴിഞ്ഞയാഴ്ച വെടിനിർത്തൽ ലംഘിച്ച് ഇസ്രായേൽ നടത്തിയ അപ്രതീക്ഷിത വ്യോമാക്രമണങ്ങളിൽ കൊല്ലപ്പെട്ട 673 പേരും ഇതിൽ ഉൾപ്പെടുന്നു. ഒരു ലക്ഷത്തി 13,000-ലേറെ പേർക്ക് യുദ്ധത്തിൽ പരിക്കേറ്റതായും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&

## REV. DELHI ASSEMBLY

ഡൽഹി നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കമാകും. ചൊവ്വാഴ്ചയാണ് ബജറ്റ് അവതരണം. ഈ മാസം 26 ന് ബജറ്റുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കും. മാർച്ച് 28 വരെയാണ് സമ്മേളനം.

&&&&&&&&&&&&&&

## NIA-KHALISTANI-TERRORISTS

2024 സെപ്റ്റംബറിൽ നടന്ന ചണ്ഡീഗഡ് ഗ്രനേഡ് ആക്രമണ കേസിൽ ബബ്ബർ ഖൽസ അന്താരാഷ്ട്ര ഭീകര സംഘടനയിലെ അംഗങ്ങളായ നാല് പേർക്കെതിരെ ദേശീയ അന്വേഷണ ഏജൻസി കുറ്റപത്രം സമർപ്പിച്ചു. പഞ്ചാബ് പോലീസിൽ നിന്നും വിരമിച്ച ഒരു ഉദ്യോഗസ്ഥനെ ലക്ഷ്യം വച്ചുള്ളതായിരുന്നു ആക്രമണമെന്ന് NIA പ്രസ്താവനയിൽ വ്യക്തമാക്കി. BKI ഭീകര സംഘത്തിലെ മറ്റ് അംഗങ്ങളെ കണ്ടെത്താനും ഇന്ത്യയിലെ ശൃംഖല തകർക്കാനുമുള്ള ശ്രമങ്ങൾ തുടരുകയാണ്.

&&&&&&&&&&&&&&

## USA -TALIBAN

അഫ്ഗാനിസ്ഥാൻ ആഭ്യന്തരമന്ത്രി സിറാജുദ്ദീൻ ഹഖാനി ഉൾപ്പടെ മൂന്ന് മുതിർന്ന താലിബാൻ നേതാക്കളെ കുറിച്ച് വിവരം നൽകുന്നവർക്ക് പ്രഖ്യാപിച്ചിരുന്ന 10 മില്യൺ ഡോളർ പാരിതോഷികം അമേരിക്ക പിൻവലിച്ചു. അഫ്ഗാനിസ്ഥാൻ മുൻ സർക്കാരിനെതിരെ നടന്ന രൂക്ഷമായ ആക്രമണങ്ങൾക്ക് ഉത്തരവാദികളാണ് ഇവർ.

&&&&&&&&&&&&&&

## SOUTH KOREA WILD FIRE

ദക്ഷിണകൊറിയയിൽ, കാട്ടുതീയുടെ പശ്ചാത്തലത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. രാജ്യത്തിൻറെ തെക്കുപടിഞ്ഞാറൻ മേഖലകളിൽ തുടരുന്ന കാട്ടുതീയിൽ ഇത് വരെ നാല് പേർ മരിക്കുകയും വ്യാപകമായ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തതായാണ് റിപ്പോർട്ട്.

&&&&&&&&&&&&&&

## J-K: TERRORIST

ജമ്മു കശ്മീരിലെ ദോഡ ജില്ലയിൽ ഭീകരവാദികളുടെ ഒരു ഒളിസങ്കേതം സുരക്ഷാ സേന കണ്ടെത്തി. പോലീസ്, കരസേന എന്നിവരുടെ സംയുക്ത ദൗത്യ സംഘം ഭൽറ വനപ്രദേശത്ത് നടത്തിയ തിരച്ചിലിൽ ആണ് സങ്കേതം കണ്ടെത്തിയത്. ഇവിടെ നിന്ന് ആയുധങ്ങൾ കണ്ടെടുത്തു.

&&&&&&&&&&&&&&

&&&&&&&&&&&

&&&